ആർ.ഡി.പി. മേളകളിലൊക്കെ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. ചെറുകിട ഉൽപ്പാദന മേഖലയിൽ ഇപ്പോൾ സ്ത്രീകൾക്ക് വിപണന സൗകര്യങ്ങൾ തീരെയില്ല. അവർക്ക് പരിശീലനം നൽകേണ്ടതുണ്ട്. വിപണന സൗകര്യത്തിന് ജില്ലാ തലത്തിൽ ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെങ്കിലും സംവിധാനം ചെയ്യുവാൻ തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഞങ്ങൾ പരീക്ഷണാർത്ഥം എറണാകുളം ജില്ലയിൽ ഒരു വിൽപ്പന സംഘടിപ്പിക്കുന്നതിനുവേണ്ടി വനിതാ വികസന കോർപ്പറേഷനും സി.ഡി.എസ്സും ഒക്കെയായിട്ട് ചേർന്നൊരു സംവിധാനം ഉണ്ടാക്കി. അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. സ്ത്രീകളുടെ, വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനാണ് ഇങ്ങനെ ഒരു നടപടി എടുത്തിട്ടുള്ളത്. സിഡ്കോയുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്. അതു കൂടുതൽ ജില്ലകളിൽ വിപണന നടപടികൾ അതിവേഗത്തിൽ സ്വീകരിക്കുന്നതിനു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

നഗരസ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി കേന്ദ്ര മന്ത്രിയുമായി നടന്ന ചർച്ച

4 (*274)ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ടി.കെ. ബാലൻ .
ശ്രീ. എ. കണാരൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ഈയിടെ കേന്ദ്ര നഗരാസൂത്രണ വകുപ്പു മന്ത്രിയുമായി എന്തെങ്കിലും ചർച്ച നടത്തിയിരുന്നുവോ എന്നറിയിക്കുമോ;

(ബി) എങ്കിൽ സംസ്ഥാനത്തെ നഗരസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് എന്തൊക്കെ ആവശ്യങ്ങളാണ് പ്രസ്തുത ചർച്ചയിൽ കേന്ദ്ര നഗരാസൂത്രണ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) നഗരവികസന പരിപാടികൾ, അടിസ്ഥാന സൗകര്യവികസനം, ഖരമാലിന്യ മാനേജ്മെന്റ്, മലിനജല ശുദ്ധീകരണം, ജലവിതരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനതല നഗരവികസനത്തിനുള്ള സാമ്പത്തിക സഹായം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത നിർദ്ദേശങ്ങളിൽ കേന്ദ്രമന്ത്രിയുടെ സമീപനം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(എഫ്) നിർദ്ദേശങ്ങളിൽ അനുകൂലമായ നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

1130/2010.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഈ വർഷം ജനുവരി 17-ന് ന്യൂഡൽഹിയിൽ കേന്ദ്ര നഗരാസൂത്രണ വകുപ്പുമന്ത്രി വിളിച്ചുചേർത്ത വിവിധ സംസ്ഥാനങ്ങളിലെ നഗര വികസന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പങ്കെടുക്കുകയും സംസ്ഥാനത്തെ നഗരങ്ങളെ സംബന്ധിക്കുന്ന വിവിധ പ്രശ്നങ്ങൾ യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) (സി) (ഡി) പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന ആവശ്യങ്ങളാണ് സംസ്ഥാന സർക്കാർ പ്രധാനമായും ഉന്നയിച്ചത്. (1) പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തേണ്ടത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കൂട്ടായ ചുമതലയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളിലൂടെ തെരഞ്ഞെടുത്ത് പ്രാവർത്തികമാക്കിക്കൊണ്ട് പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തണം. അതേ അവസരത്തിൽ തന്നെ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരുകളെ ഉല്ലംഘിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് സാമ്പത്തിക സഹായം നൽകാനുള്ള നീക്കം തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാരുകളെ ലംഘിക്കുന്നതും അധികാര വികേന്ദ്രീകരണത്തിന്റെ സത്തയ്ക്ക് നിരക്കാത്തതുമാണ് എന്നും യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

(2) നഗരവികസനത്തിനായി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കമ്പോളത്തിൽനിന്നും ധനം സമാഹരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് നികുതി ഇളവുള്ള ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് അനുമതി നൽകണം.

(3) നഗരവികസന പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നഗരവികസന കോർപ്പറേഷനുകൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. വ്യാവസായികേതര നഗരവികസന പദ്ധതികൾക്ക് സാമ്പത്തിക ഇളവ് അനുവദിക്കുന്നതിനു വ്യക്തമായ മാർഗ്ഗ നിർദ്ദേശക ചട്ടങ്ങൾ ഉണ്ടാക്കണം.

(4) നഗര പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന ദേശീയ ചേരി വികസന പദ്ധതിയുടെ ധനസഹായ സംവിധാനം പരിഷ്ക്കരിച്ച് ഈ പദ്ധതി 100% ഗ്രാന്റ് പദ്ധതിയായി പരിവർത്തനം ചെയ്യണം.

(5) ഖരമാലിന്യ നിർമ്മാർജ്ജനത്തിനായുള്ള പദ്ധതികൾക്കുള്ള ഹഡ്കോ ലോണുകൾ പലിശ നിരക്കിൽ സബ്സിഡി നൽകിക്കൊണ്ട് വിതരണം ചെയ്യണം.

(6) അഞ്ച് ലക്ഷത്തിലധികം ജനസംഖ്യയുള്ള തലസ്ഥാന നഗരങ്ങളുടെ വികസനത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകണം.

(7) നഗരങ്ങൾ തമ്മിലുള്ള സാമ്പത്തിക അസന്തുലിതാവസ്ഥ ഇല്ലാതാക്കാൻ നഗരങ്ങളെ മെഗാസിറ്റികൾ തുടങ്ങിയ വർഗ്ഗീകരണം നടത്തുന്നത് നിർത്തലാക്കണം.

(8) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന റയിൽവേ അടക്കമുള്ള കേന്ദ്ര സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുടിശ്ശികയാക്കിയിട്ടുള്ള നികുതികൾ അടിയന്തിരമായി നൽകുവാൻ കേന്ദ്ര സർക്കാർ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

(9) കാര്യപ്രാപ്തി വർദ്ധനവിനായി ദേശീയ വൈദഗ്ദ്ധ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെടുന്ന രീതിയിൽ പരിശീലന നെറ്റ് വർക്കുകൾ സ്ഥാപിക്കേണ്ടതും ഈ നെറ്റ് വർക്ക് സ്ഥിരമായ ഉദ്യോഗസ്ഥ വൈദഗ്ദ്ധ്യ വിനിമയം, പരിശീലനോപാധികളുടെ വിനിമയം എന്നിവയിലും സംസ്ഥാന സർക്കാർ തലത്തിലുള്ള പരിശീലന സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും ചെയ്യണം.

(10) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഒരു ശതമാനം തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും, നഗരസഭാ ഉദ്യോഗസ്ഥരുടെയും പരിശീലനത്തിനായി മാറ്റിവയ്ക്കാൻ നടപടി സ്വീകരിക്കണം.

(ഇ) അധികാര വികേന്ദ്രീകരണ പ്രക്രിയ ഏറ്റവും ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്ന കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം യോഗത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ഉറപ്പു നൽകുകയുണ്ടായി. ഖരമാലിന്യ നിർമ്മാർജ്ജനം നഗരങ്ങൾ പൊതുവിൽ നേരിടുന്ന ഗുരുതരമായ പ്രശ്നമായതിനാൽ അതിനുവേണ്ടി പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി സൂചിപ്പിച്ചു. സാംസ്ക്കാരിക കേന്ദ്രങ്ങളായുള്ള നഗരങ്ങളുടെ വികസനത്തിനായി പ്രത്യേക കേന്ദ്രാവിഷ്കൃത പദ്ധതികൾ ആവിഷ്ക്കരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

(എഫ്) ലഭ്യമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

<u>ശ്രീ. പി.കെ. കുമാരൻ</u> : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനം കേന്ദ്ര സംസ്ഥാന ഗവൺമെന്റ് സംയുക്തമായി നടത്തുന്നുണ്ടെന്നാണ് സൂചിപ്പിച്ചത്. എന്നാൽ സംസ്ഥാന സർക്കാർ അറിയാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള കേന്ദ്ര നീക്കത്തെക്കുറിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; അതിന് എന്തെങ്കിലും പ്രതികരണം കേന്ദ്രത്തിൽനിന്ന് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് എതിരായി നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചോദിച്ച വിഷയത്തിന് കേന്ദ്രമന്ത്രിയുടെ ഒരു പത്ര പ്രസ്താവന വന്നപ്പോഴാണ് ഞങ്ങളറിഞ്ഞത്. ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതു സംബന്ധിച്ച് സംസ്ഥാനത്തിന്റെ ശക്തിയായ അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അവരിൽ നിന്നും പ്രതികരണം വന്നതായിട്ടറിയില്ല. നമ്മൾ ആ നിലപാടിൽ തന്നെ ഉറച്ചു നിൽക്കുന്നു. ഈ യോഗത്തിലും അക്കാര്യം ശക്തിയായി ഉന്നയിച്ചിട്ടുണ്ട്.

<u>ശ്രീ. പി.കെ. കുമാരൻ</u> : ഭരണഘടനാ നിർദ്ദേശം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടാണ് അധികാര വികേന്ദ്രീകരണം കേരളത്തിലിപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അങ്ങനെ ഗ്രാമ നഗര പ്രദേശങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഗ്രാമ തദ്ദേശ സർക്കാരാക്കി മാറ്റുന്നതിനുള്ള കേരള ഗവൺമെന്റിന്റെ നല്ല സമീപനത്തെ കേന്ദ്ര ഗവൺമെന്റ് ആ രീതിയിൽ കാണണമെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായ പ്രോത്സാഹനവും സഹായവും നൽകണമെന്നുമുള്ള ആവശ്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുമേൽ ഏതു തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സമീപനമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട സംസ്ഥാന ഗവൺമെന്റിന് മാത്രമല്ല, കേന്ദ്ര ഗവൺമെന്റിന് കൂടിയുണ്ട് എന്നുള്ളതുകൊണ്ടാണ് നമ്മൾ അവരുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും കൂട്ടായിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇക്കാര്യത്തിൽ സഹായിക്കണം. അത് ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് ആവശ്യപ്പെട്ടത്.

ശ്രീ. ടി.കെ. ബാലൻ : നഗര വികസന കോർപ്പറേഷനുകൾക്ക് കേന്ദ്രത്തിൽ നിന്നും തക്കതായ സഹായ ധനം കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രഖ്യാപിച്ചു. കേരളത്തിലുള്ള അർബൻ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഇന്നത്തെ സ്ഥിതി എന്താണ്? ആ കോർപ്പറേഷന്റെ കെടുകാര്യസ്ഥതയും കാര്യക്ഷമതയില്ലായ്മയും ഇല്ലാതാക്കാൻ വേണ്ടി ഗവൺമെന്റ് തക്കതായ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : അർബൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേനയാണ് നഗരസഭകളുടെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നത്. അതിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നമ്മൾ നടത്തുന്നുണ്ട്. മുമ്പത്തെക്കാൾ മെച്ചപ്പെട്ട അവസ്ഥയിൽ ഇന്ന് അത് പ്രവർത്തിക്കുന്നുണ്ട് എന്നാണ് കാണാൻ കഴിയുന്നത്. പക്ഷേ അതുമാത്രം പോരാ, ഇത്തരം സ്ഥാപനങ്ങൾക്ക് ഫലപ്രദമായ സഹായം നൽകുന്നതിന് സഹായകരമായ വിധത്തിൽ കേന്ദ്രം കൂടി സഹായിക്കേണ്ടതുണ്ട് എന്നുള്ളതാണ് നമ്മൾ ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. ടി.കെ. ബാലൻ : നമ്മുടെ നഗരാസൂത്രണത്തിൽ വലിയ പ്രാധാന്യം ലഭിക്കാത്ത ഒന്നാണ് പരിസ്ഥിതി സംരക്ഷണം. ചൈനയിലെ ബെയ്ജിംഗ് സിറ്റിയിൽ പ്രവേശിച്ചാൽ കാട്ടിൽ പ്രവേശിച്ച പ്രതീതിയാണുണ്ടാവുക എന്നാണ് ടൂറിസ്റ്റുകൾ എഴുതിയിട്ടുള്ളത്. ഇവിടെ നമ്മുടെ പട്ടണങ്ങളിൽ ഉള്ള മരം ഇല്ലാതാക്കുകയാണ്. അതുകൊണ്ട് ശാസ്ത്രീയമായി മരംവച്ചുപിടിപ്പിക്കാനും പരിസ്ഥിതി സംരക്ഷണത്തിന് മുൻഗണന കൊടുക്കാനും ഉതകുന്ന വിധത്തിൽ നഗരാസൂത്രണത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി : ആദ്യത്തെ വർഷം, 1997-98-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് നഗര സഭകൾ പദ്ധതി തയ്യാറാക്കുന്ന ഘട്ടത്തിൽ ഈ കാര്യം അവരുടെ ശ്രദ്ധയിൽ വളരെ ഗൗരവത്തോടുകൂടി കൊണ്ടുവന്നിരുന്നു. പല മുനിസിപ്പാലിറ്റികളും അതിന്റെ പ്രാധാന്യം കണ്ടുകൊണ്ടുതന്നെ നടപടികളാരംഭിച്ചു. പക്ഷേ തുടർന്ന് വേണ്ടതു പോലെ ശ്രദ്ധിച്ചില്ല എന്നുള്ളതുകൊണ്ട് പലയിടത്തും പരാജയപ്പെട്ടു എന്ന സ്ഥിതിയാണ് ഇപ്പോൾ നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിട്ടുള്ള പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് തീർച്ചയായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധ അതിലേക്ക് കൊണ്ടുവരാൻ ആവശ്യമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ എ. കണാരൻ : ഖരമാലിന്യ പ്രശ്നം ഈ നഗരത്തിന്റെ ഒരു ഗുരുതരമായ പ്രശ്നമാണ്. ഹോട്ടലുകളിൽനിന്നും വീടുകളിൽനിന്നും റോഡുവക്കുകളിലേക്ക് പഴകിയ ഭക്ഷണ സാധനങ്ങളും, ചപ്പുചവറുകളും വലിച്ചെറി

LIBRARY ARCHIVES Kerala Legislative Assembly

യുകയാണ്. മലമൂത്ര വിസർജ്ജനം നടത്തുന്നതുപോലും റോഡുകളിലാണ്. പശുക്കളേയും പട്ടികളേയും ഇഷ്ടംപോലെ മേയാൻ അനുവദിക്കുകയാണ്. റോഡിന്റെ വശങ്ങളിലും മറ്റും താമസിക്കുന്നവർ, ചേരി നിവാസികൾ അവരും മാലിന്യങ്ങളെല്ലാം റോഡിലേയ്ക്കിട്ടുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നങ്ങൾക്ക് ഏറ്റവും പ്രധാനമായി വേണ്ടത് ഒരു ബോധവൽക്കരണ പരിപാടിയാണ്. നഗരസഭയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളേയും നാട്ടുകാരേയും വിളിച്ചുകൂട്ടി ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പ്രശ്നം ശരിയാണ്. അത് സംബന്ധിച്ച് ഇടയ്ക്കിടെ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാറുണ്ട്. പക്ഷേ അതു പോരാ എന്നുള്ളതാണ് അനുഭവം. ഇത് കുറേക്കൂടി ഫലപ്രദമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്താനാവശ്യമായിട്ടുള്ള നിർദ്ദേശം കൊടുക്കുന്നതാണ്.

<u>ശ്രീ. എ. കണാരൻ</u> : നഗരങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജന പരിപാടിക്ക് സുപ്രീം കോടതി നിയമിച്ച വിദഗ്ദ്ധ കമ്മിറ്റി ശുപാർശ ചെയ്ത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? അതിനെപ്പറ്റി അങ്ങേയ്ക്കെന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട 3 നഗരങ്ങളിൽ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ ജില്ലകളിൽ പ്രവർത്തനം നടത്തുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ പ്രവർത്തനം മാർച്ച് മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കും എന്നുള്ളതാണ് അവസ്ഥ. തിരുവനന്തപുരത്ത് തുടക്കം കുറിച്ചു. കൊച്ചിയിൽ 2 പദ്ധതികളാണ് അവരുടെ പരിഗണനയിലുള്ളത്. അടിയന്തിരമായി ഇത് സംബന്ധിച്ച് തീരുമാനമെടുത്ത് പ്രവർത്തനം ആരംഭിക്കും. പല മുനിസിപ്പാലിറ്റികളുടേയും പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് ആവശ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എങ്കിലും ഇതിന്റെ ഗൗരവം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്തി നടപടികൾ ആരംഭിക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നതാണ്.

<u>ശ്രീ. ജി. സുധാകരൻ</u> : ഈ സർക്കാർ വന്നശേഷം 1997-98-ൽ കേരളത്തിലെ കോട്ടയം, ആലപ്പുഴ, കായംകുളം, വർക്കല, ആറ്റിങ്ങൽ, പുനലൂർ തുടങ്ങിയ ഇടത്തരം നഗരങ്ങളുടെ വികസനത്തിന് കേന്ദ്ര അർബൻ ഡിപ്പാർട്ടുമെന്റും. കേന്ദ്ര ടൂറിസം ഡിപ്പാർട്ടുമെന്റും ആയി ബന്ധപ്പെട്ട് സമഗ്ര വികസന പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സെക്രട്ടേറിയറ്റിൽ ഒരു ചർച്ച നടന്നിരുന്നു. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന് പ്രോജക്ടുകൾ അയച്ചു കൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടൂറിസം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് അയച്ച പ്രോജക്ടുകളുടെ സ്ഥിതി എന്താണെന്നന്വേഷിച്ചറിയാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : തീർച്ചയായിട്ടും അതിന്റെ ഇന്നത്തെ സ്ഥിതി എന്താണെന്നുള്ളത് അന്വേഷിച്ച് മനസ്സിലാക്കി വിവരം തരാം.

<u>ശ്രീ. ജി. സുധാകരൻ</u> : നഗരമലിനീകരണം തടയുന്നതിന് സഹായകമായ നടപടി എന്നുള്ള നിലയിൽ ഇപ്പോൾ നഗരങ്ങളിൽ അവശേഷിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക ഭൂമികളെ സംരക്ഷിക്കാൻ നഗരവികസനത്തെപ്പറ്റി ആലോചിക്കുമ്പോൾ പ്രത്യേക ഊന്നൽ നൽകുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : കാർഷിക പ്രാധാന്യമുള്ള ഭൂമി ദുരുപയോഗപ്പെടുത്താൻ പാടില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ ശക്തമായ നിലപാട്. അത് സംരക്ഷിക്കാനും കൃഷി യോഗ്യമാക്കാനുമുള്ള നടപടികൾ എടുക്കണമെന്നുള്ളതാണ് ഗവൺമെന്റ് കൊടുക്കുന്ന നിർദ്ദേശം. അത് എവിടെയെങ്കിലും ലംഘിക്കപ്പെടുന്നുണ്ടെന്ന് അറിവായാൽ തീർച്ചയായും അതിനെതിരെ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ബഹുമാനപ്പെട്ട മന്ത്രി (ബി) ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ ചേരി നിർമ്മാർജ്ജനം ഒരു പ്രധാന ഇനമായിട്ട് സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്ത് ഏതെല്ലാം നഗരങ്ങളിൽ ചേരിയുണ്ടെന്നാണ് സർക്കാർ ഇപ്പോൾ എടുത്തിരിക്കുന്ന കണക്ക്; ഈ ചേരി നിർമ്മാർജ്ജനത്തിനായിട്ട് എന്തെല്ലാം സ്കീമുകളാണ് കേന്ദ്രത്തിന്റെ മുമ്പിൽ സമർപ്പിച്ചിരിക്കുന്നത്?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : ചേരിയില്ലാത്ത പ്രദേശങ്ങൾ പട്ടണങ്ങളിൽ അപൂർവ്വമാണ്. മിക്കവാറും എല്ലാ പ്രദേശങ്ങളിലുമുണ്ട്. അത് ഒഴിവാക്കിക്കൊണ്ട് അവരെ പുനരധിവസിപ്പിച്ച് സംരക്ഷിക്കാൻ സാധിക്കണമെങ്കിൽ വലിയ തോതിലുള്ള സാമ്പത്തിക ബാദ്ധ്യത വരും. അതിന് മുനിസിപ്പാലിറ്റികൾ എടുക്കുന്ന പദ്ധതികൾ 100% ഗ്രാന്റായിട്ട് നൽകണം എന്നുള്ള നിർദ്ദേശമാണ് സെൻട്രൽ ഗവൺമെന്റിന്റെ മുമ്പാകെ ഉള്ളത്. വായ്പ വാങ്ങിയത് തിരിച്ചടയ്ക്കാൻ കഴിയാത്ത വിഭാഗമാണ് ഈ ചേരിപ്രദേശത്ത് ജീവിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഇതിന്റെ മുഴുവൻ ചെലവും വഹിക്കേണ്ടിയിരുന്നത്. അത്രത്തോളം വഹിക്കാനുള്ള സാദ്ധ്യത ഇല്ലാത്തതുകൊണ്ട് കേന്ദ്രം അത് 100% ഗ്രാന്റ് എന്നുള്ള രീതിയിൽ സഹായിക്കണമെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.

<u>ശ്രീ. പി. രാജു</u> : സർ, നമ്മുടെ സംസ്ഥാനത്തെ നഗരസഭകൾ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ശുചീകരണപ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും സാദ്ധ്യതകളും വളരെ കുറവാണ് എന്നുള്ളതാണ്. പ്രത്യേകിച്ച്, പബ്ലിക് ലാട്രിൻ സിസ്റ്റം ഇന്ന് പട്ടണപ്രദേശങ്ങളിൽ വളരെവളരെ കുറവാണ്. അതിനുള്ള സ്ഥലസൗകര്യവുമില്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി ഒരു പ്രത്യേക സ്കീം തയ്യാറാക്കി നഗരശുചീകരണത്തിന്റെ ഭാഗമായി പബ്ലിക് ലാട്രിനുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : കഴിഞ്ഞ പദ്ധതി തയ്യാറാക്കുന്ന ഘട്ടത്തിൽ തന്നെ നഗരസഭകൾ സ്വീകരിച്ചിട്ടുള്ള പ്രത്യേക നിർദ്ദേശമായിരുന്നു അത്. പല നഗരസഭകളും അതു പ്രാധാന്യത്തോടുകൂടി എടുത്ത് പദ്ധതികൾ തയ്യാറാക്കി അതിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ചിലയിടത്ത് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഗൗരവമായിട്ടെടുത്തിട്ടില്ല. തീർച്ചയായിട്ടും ഈ പ്രശ്നം വീണ്ടും അവരുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് നിർബന്ധിപ്പിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly